# Weekly Devotion -October 2017

## പീഢയുടെയും ദാരിദ്രത്തിന്റെയും പർവ്വതം ഉരുകുന്നു

## ( The Mountain of oppression and poverty, melts)




ഒരു ആപ്പിൾ തോട്ടത്തിലെ ജോലിക്കാർ മരത്തിന്റെ ചില്ലകൾ  കോതി ഒരിടത്ത് കൂട്ടിയിട്ടു. അതുവഴി വന്ന തോട്ടത്തിന്റെ യജമാനൻ വെട്ടിയിട്ട ചില്ലകളിൽ ഒരു പക്ഷി കൂടുവയ്ക്കുവാൻ ശ്രമിക്കുന്നത് കണ്ട് അത് പൊളിച്ച് മാറ്റി. പക്ഷി വീണ്ടും ശ്രമം തുടർന്നു എങ്കിലും അതിന്റെ ദൗത്യം യജമാനൻ നിഷ്ഫലമാക്കി. നിർമ്മാണവും നശീകരണവും പലപ്രാവശ്യം ആയപ്പോൾ മനുഷ്യന്റെ ഉപദ്രവം ഉണ്ടാകാതിരിപ്പാൻ പക്ഷി ഒരു ഉയർന്ന മരത്തിൽ കൂടുണ്ടാക്കുവാനുള്ള ശ്രമം തുടങ്ങി. ഇത് യജമാനനെ സന്തോഷിപ്പിച്ചു. ഈ യജമാനൻ പക്ഷിയുടെ ശ്രമ ങ്ങളെ തകർത്ത് എളിയജീവിയെ ഉപദ്രവിക്കുവാനല്ലായിരുന്നു, അതിന്റെ പ്രവർത്തി പ്രയോജനമാക്കുവാനായിരുന്നു. എളിയവരെ പീഢിപ്പിച്ചാൽ കുഴപ്പ മില്ല എന്ന് കരുതുന്നവരും, തങ്ങൾക്ക് ആരും ഇല്ല എന്ന് കരുതുന്ന എളിയവരും അവരെ ശ്രദ്ധിക്കുന്ന ഒരു നല്ല യജമാനൻ ഉണ്ടെന്ന കാര്യം മറക്കരുത്.

പീഢിപ്പിക്കുക അഥവാ ഉപദ്രവിക്കുക എന്ന പ്രവർത്തിയ്ക്ക് വിധേയരാകുന്നത് എപ്പോഴും എളിയവരാണ്. അവരെ ഉപദ്രവിക്കുന്നത് ധനികരും അഹങ്കാരികളുമാണ്. സങ്കീ (119:122) ൽ "അഹങ്കാരികളുടെ പീഢനത്തിൽ നിന്ന് തന്നെ രക്ഷിക്കുവാൻ സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നതായി കാണാം. പീഡകരെ ആണ് അഹങ്കാരികൾ എന്ന് സംബോധന ചെയ്യുന്നത്. ദൈവം ഉത്തരവാദിയാകുമ്പോൾ ലഭിക്കുന്ന നന്മമാത്രം മതി എന്ന് കരുതുന്നവർക്ക് മാത്രമേ ദൈവീക സമയം വരെ കാത്തിരിക്കുവാനുള്ള ക്ഷമ ലഭിക്കുകയുള്ളു. ഭൗതീക സമ്പന്നത അനുഭവിക്കുന്നവൻ തന്റെ ആത്മീകദാരിദ്രം മനസിലാക്കിയാൽ അവൻ ഭാഗ്യവാനാണ്. ഭൗതീകസമ്പന്നത ക്രിസ്തുവിൽ നിന്നകറ്റുന്നു. തുടർന്ന് സമ്പത്തിന്റെ ലഹരി പീഢകളുടെ പർവ്വതത്തെ ഉയർത്തുന്നു. ഉദാഹരണമായി സക്കായി താൻ ചെയ്ത പ്രവർത്തി ഏറ്റു പറയുന്നത് നോക്കാം. കർത്താവേ ഞാൻ ചതിവായി വാങ്ങി, അത് മടക്കികൊടുക്കാം (ലൂക്കോ:19:8) എളിയവരുടെ മേൽ പീഢകളുടെ പർവ്വതത്തെ ഉയർത്തിയവന്റെ യേശുവിനെ കാണുവാനുള്ള ആഗ്രഹവും ഏറ്റു പറച്ചിലും പീഢകളുടെ പർവ്വതം ഉരുകുവാൻ കാരണമായി. യേശു അവന്റെ വീട്ടിൽ പാർക്കുവാനാഗ്രഹിച്ചപ്പോഴും, ഇവനും അബ്രഹാമിന്റെ മകൻ എന്ന് പ്രസ്താവിക്കുകയും ചെയ്തപ്പോൾ ആ വാക്കിനാൽ പർവ്വതം ഉരുകി. (ലൂക്കോ:19:9).

എളിയവരുടെ പ്രയാസം മനസിലാക്കി പ്രവർത്തിച്ച യേശുവിനെ യോഹ: (5:1-9) വരെയുള്ള വാക്യങ്ങളിൽ കാണാം. ദാരിദ്രം എന്നതിന് പട്ടിണി എന്ന് മാത്രമല്ല അർത്ഥം. അനുഭവിപ്പാനുണ്ടായിട്ടും അനുഭവിപ്പാൻ കഴിയാത്ത അവസ്ഥയാണ് ദാരിദ്രം. 38 വർഷമായി ബേഥെസ് ദാ കുളക്കരയിൽ കിടക്കുന്ന മുടന്തൻ എങ്ങനെ എപ്പോൾ അവിടെ എത്തി എന്നറിയുകയില്ല. ഒന്നറിയാം, പരസഹായം വേണമെന്ന അവന്റെ വാക്കിൽ നിന്ന് ഈ എളിയവനെ വീട്ടുകാരും നാട്ടുകാരും ഉപേക്ഷിച്ചതാണെന്ന്. 38 വർഷമായി മറ്റുള്ളവർ ഉയർത്തിയ പീഢയുടെ പർവ്വതം യേശു അവിടെ എത്തി "സൗഖ്യമാകുവാൻ മനസ്സുണ്ടോ എങ്കിൽ കിടക്ക എടുത്തു നടക്ക" എന്ന അവന്റെ വചനത്തിൽ ഉരുകി. രോഗം മൂലമുണ്ടായ പീഢയുടെ പർവ്വതം ഉരുക്കി മാറ്റി.

സൗഖ്യം അടുത്തുണ്ട് എന്നിട്ടും അത് അനുഭവിപ്പാൻ ഇത്രയും കാലം ഈ മനുഷ്യന് കഴിഞ്ഞില്ല. നിരങ്ങിയോ ഉരുണ്ടോ കുളത്തിൽ വീഴുവാൻ കഴിയു

മായിരുന്നു. എന്നാൽ ആഗ്രഹം ഇല്ലാത്തവന് അത് കഴിയുകയില്ലല്ലോ. ആത്മീയ സമ്പന്നരാകുവാൻ ആഗ്രഹിക്കാതെ, ക്രിസ്ത്യാനി എന്ന പേര് അലങ്കാരമായി വഹിക്കുന്നവർ ഈ മുടന്തനെ പോലെയല്ലേ ? വചനത്തോടെ ആർത്തിയുള്ളവൻ ദൈവീകസാന്നിദ്ധ്യം അനുഭവിക്കുന്ന, ആത്മാവിൽ ദരിദ്രനായവനാകയാൽ അവൻ ഭാഗ്യവാനാണ്. അപ്രകാരം പീഢകളുടെ പർവ്വതത്തെ ഉരുക്കുവാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

തന്റെ വചനപ്രകാരം ദയ ഞങ്ങളുടെ മേൽ ചൊരിയുന്ന യേശുവേ ! എളിയവരായ ഞങ്ങളെ ദുഷ്ടന്റെ ഉപദ്രവത്തിൽ നിന്ന് ദയയാൽ രക്ഷിക്കുന്നതിന് നന്ദി. ആത്മീകാഹാരം സമ്പന്നമായി ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടും അത് സ്വീകരികാത്ത ഞങ്ങളോട് ക്ഷമിച്ച് ആത്മീയ സമ്പന്നതയാൽ പീഢയുടെ പർവ്വതം ഉരുക്കുവാൻ കൃപചെയ്യേണമേ..

ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind